ഹദീസ്

അബ്ദുല്ലത്വീഫ് കൊടുവള്ളി

# സൽക്കർമനിരതമായ ദീർഘായുസ്സ്

عَنْ أَبِي صفوان عَبْد الله بْن بسر الأَسْلَمِي، رَضِي الله عَنْه، قَالَ: قَالَ رَسُول الله صَلّى الله عَلَيْهِ وَسَلّمَ: خَيْرُ النَّاسِ مَنْ طَالَ عُمْرُهُ وَحَسُنَ عَمَلُهُ (رواه الترمذي، وقال: حديث حسن وصحّحه الشيخ الألباني)

**അബൂസ്വഫ്‌വാൻ അബ്ദുല്ലാഹിബ്നു ബിശ്ർ അസ്‌ലമി(റ)യിൽനിന്ന്. നബി(സ) പറഞ്ഞു: 'ജനങ്ങളിൽ ഉത്തമൻ, ആയുസ്സു നീളുകയും കർമം നന്നാവുകയും ചെയ്തവനാണ്' (തിർമിദി).**

ഭൂമിയിൽ ജനിച്ചുവീഴുന്ന ഏതു മനുഷ്യനും വ്യത്യസ്ത ഘട്ടങ്ങളിലൂടെ കടന്നുപോയി മരണം വരിക്കുക എന്നതാണ് അല്ലാഹുവിന്റെ സുന്നത്തിന്റെ ഭാഗമായ പൊതുനിശ്ചയം. മണ്ണ്, രേതസ്കണം, ഭ്രൂണം, ശൈശവം, ബാല്യം, കൗമാരം, യൗവനം, വാർധക്യം, അവശവാർധക്യം എന്നിവയാണ് ജീവിതചക്രത്തിലെ പ്രധാന ഘട്ടങ്ങൾ. ചിലർ ഈ ഘട്ടങ്ങൾ മുഴുവൻ പൂർത്തിയാക്കാതെ നേരത്തേ മരിച്ചുപോകുന്നു.

ദീർഘായുസ്സിന്റെ, അഥവാ വാർധക്യത്തിന്റെ ഒന്നാം ഘട്ടത്തിൽ ചിന്തിക്കാനും ഓർക്കാനും സ്വന്തം കാര്യങ്ങൾ അവനവനാൽ നിർവഹിക്കാനും കഴിയുന്നു. ക്രമേണ അവശത വർധിക്കുന്നു. പ്രതിരോധശേഷി കുറയുന്നു. രോഗാവസ്ഥയിൽ സുഖപ്രാപ്തിക്ക് സമയമെടുക്കുന്നു. ആരോഗ്യകരമായ ജീവിതവും ശാന്തമായ ആരാധനാനുഷ്ഠാനങ്ങളും സൽക്കർമനിരതമായ മനസ്സും വാർധക്യത്തെ വൈകിപ്പിക്കുന്നു.

ഇസ്‌ലാമിക വീക്ഷണത്തിൽ വാർധക്യം എന്നത് സക്രിയജീവിതത്തിൽനിന്ന് പിൻവാങ്ങി അന്യരെ ആശ്രയിച്ചു ജീവിക്കാനുള്ള അവസരമല്ല. പെൻഷൻ പ്രായം, റിട്ടയർമെന്റ് എന്നതൊക്കെ പല ഘടകങ്ങൾ പരിഗണിച്ച് നടപ്പിലാക്കപ്പെടുന്ന സാമൂഹികപ്രധാനമായ ചില നടപടികൾ മാത്രമാണ്. അത് അതിനു വിധേയരാകുന്നവരെ സംബന്ധിച്ചേടത്തോളം അർധവിരാമം മാത്രമാണ്, പൂർണവിരാമമല്ല. യഅ്ഖൂബ് നബിയും സകരിയ്യാ നബിയും വാർധക്യത്തിലേക്കു കടന്നശേഷം നടത്തിയ പ്രാർഥനകൾ പലതുകൊണ്ടും നല്ലതായ ഭാവി കണ്ടുകൊണ്ടുള്ളതായിരുന്നു.

അവശമായ വാർധക്യവും മുടന്തും രോഗവും മുടക്കിയിട്ടും രണോത്സുകമായ മാനസികാവസ്ഥയാൽ നബി(സ)യോടൊപ്പം പോരിനിറങ്ങി ഉഹുദിൽ രക്തസാക്ഷിയായ അംറുബ്‌നു ജുമൂഹും മാനസിക യൗവനത്താൽ ശാരീരിക അവശതകളെ മറികടന്നവരിൽ ഒരാളാണ്. ഇറ്റാലിയൻ അധിനിവേശ ശക്തിക്കെതിരെ ലിബിയയിൽ സ്വാതന്ത്ര്യവിപ്ലവം നയിക്കുമ്പോൾ ഉമർ മുഖ്താറിന് എഴുപതായിരുന്നു പ്രായം. ഔദ്യോഗിക ജീവിതത്തിൽനിന്ന് വിരമിച്ച ശേഷം യുവാക്കളേക്കാൾ സംഭാവനകൾ അർപ്പിക്കാൻ കഴിയുന്ന അവസരങ്ങൾ വൃദ്ധർക്കു മുമ്പിൽ തുറന്നു കിടക്കുന്നുണ്ടെന്നാണ് വാസ്തവം. ഒരാൾക്ക് തന്റെ സൃഷ്ടിപരമായ കഴിവുകൾ അവസാനിച്ചു എന്നു സ്വയം തോന്നുകയോ, മറ്റുള്ളവർ അങ്ങനെ വിധിയെഴുതുകയോ ചെയ്തു കഴിഞ്ഞാൽ അതോടെ അയാളുടെ 'മരണം' സംഭവിച്ചു എന്നു പറയാം. ഓരോ നിമിഷവും പ്രത്യുൽപന്നമതിത്വത്തോടെ പ്രത്യുൽപാദനപരമാവുമ്പോഴാണ് ജീവിതം സാർഥകമാവുന്നത്. ഇല്ലെങ്കിൽ ജീവിച്ചിരിക്കെത്തന്നെ മരിച്ചവർ എന്ന വിശേഷണത്തിനർഹരായിത്തീരും. ഇത്തരക്കാർ ജീവിച്ചിരിക്കുന്നതും മരിച്ചതും സമം.

''മരണത്തോടെ 'വിശ്രമ'ത്തിലായവരല്ല മരിച്ചവർ. ജീവിച്ചിരിക്കുന്നവരിലെ മരിച്ചവരാണ് മരിച്ചവർ (ചത്തതിനൊക്കുമോ ജീവിച്ചിരിക്കുന്നവർ). മനസ്സു തകർന്ന്, പ്രതീക്ഷ കുറഞ്ഞ് ദുഃഖിതനായി ജീവിക്കുന്നവനാണ് മരിച്ചവൻ'' (അബുൽ അതാഹിയ).

ലഭിക്കുന്ന ദീർഘായുസ്സ് എങ്ങനെ വിനിയോഗിക്കുന്നു എന്നത് പ്രധാനമാണ്. ദീർഘായുസ്സ് ലഭിച്ചിട്ടും അതുപകരിക്കാത്ത സത്യനിഷേധികളെക്കുറിച്ച് ഖുർആൻ പറയുന്നുണ്ട്: ''സത്യനിഷേധികൾക്ക് നാം സമയം നീട്ടിക്കൊടുക്കുന്നത് അവർക്ക് ഗുണകരമാണെന്ന് അവർ ഒരിക്കലും വിചാരിച്ചുപോകരുത്. അവരുടെ പാപം കൂടിക്കൊണ്ടിരിക്കാൻ വേണ്ടി മാത്രമാണ് നാം അവർക്ക് സമയം നീട്ടിക്കൊടുക്കുന്നത്. അപമാനകരമായ ശിക്ഷയാണ് അവർക്കുള്ളത്'' (*ആലുഇംറാൻ*: 178).

എത്ര ജീവിച്ചു എന്നതല്ല, ജീവിതം കൊണ്ട് തനിക്കും സമൂഹത്തിനും എന്തു നേട്ടമുണ്ടായി എന്നതാവണം വിജയമാനദണ്ഡം. അമ്പത്തിമൂന്നാം വയസ്സിൽ മരിച്ച ഇമാം ശാഫിഈയും നാൽപത്തിയഞ്ചാം വയസ്സിൽ മരിച്ച ഇമാം നവവിയും ഇസ്‌ലാമിക വൈജ്ഞാനിക ലോകത്തിനു നൽകിയ സംഭാവനകൾ അവർക്കു ലഭിച്ച ആയുസ്സിനേക്കാൾ എത്രയോ കൂടുതലായിരുന്നു. എല്ലാവർക്കും അവരെ പോലെ ആകാൻ കഴിയില്ലെങ്കിലും തനിക്കെന്തു നേടാൻ കഴിഞ്ഞു, ഇനി എന്തെല്ലാം നേടാം എന്നൊരു കണക്കെടുപ്പ് നമുക്കെല്ലാം നടത്താവുന്നതാണ്.

ദീർഘായുസ്സിലൂടെ നന്മ ലഭ്യമാവുക എന്നതാണ് പ്രധാനം. രോഗിയെ സന്ദർശിക്കുന്നവർ, 'അല്ലാഹുവേ, നീ നിന്റെ ദാസന് രോഗശമനം നൽകേണമേ! അദ്ദേഹം നിന്റെ ശത്രുവിനെ കൈകാര്യം ചെയ്തേക്കാം, അല്ലെങ്കിൽ നിനക്കു വേണ്ടി ഒരു ജനാസയിൽ പങ്കെടുക്കാനായി നടന്നുപോയേക്കാം' (അബൂദാവൂദ്) എന്ന രീതിയിൽ പ്രാർഥിക്കണമെന്ന് നബി(സ) നിർദേശിക്കുകയുണ്ടായി. ആയുസ്സറുതി വരെ മനുഷ്യനിൽനിന്ന് നന്മകൾ ലോകത്ത് പ്രസരിച്ചുകൊണ്ടിരിക്കണമെന്നു സാരം. ആരോഗ്യത്തോടെ, ദീർഘകാലം നന്മകൾ ചെയ്ത് മരിക്കാൻ അവസരമുണ്ടാവുക എന്നതാണ് ഒരു സത്യവിശ്വാസിയെ സംബന്ധിച്ചേടത്തോളം ഭൗതിക ലോകത്തെ ഏറ്റവും വലിയ ഭാഗ്യം. ●